## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 509 25.10.2016- ൽ മറുപടിക്ക്**

### "പുതിയ വ്യവസായ നയം"

**ചോദ്യം** **ഉത്തരം**

**ശ്രീ. പി.സി.ജോർജ്** **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | ഇപ്പോൾ നിലവിലുള്ള കർശന നിയമങ്ങൾ ഇളവു ചെയ്തും പുതിയ ഉത്തരവുകൾ നൽകിയും കേരളത്തിൽ കൂടുതൽ വ്യവസായങ്ങൾ തുടങ്ങുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | ബി) | കേരളത്തിനെ കൂടുതൽ വ്യവസായസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ബന്ധപ്പെട്ട നിയമങ്ങൾ അനുസരിച്ച് സർട്ടിഫിക്കറ്റുകളും ലൈസൻസുകളും ലഭ്യമാക്കുന്നതിന് കേരള ഏകജാലക സംവിധാന ബോർഡ് ആന്റ് വ്യവസായ ഏരിയാ വികസന നിയമം നിലവിലുണ്ട്.<br>Ease of Doing Business Initiative - ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർ ആയി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കെ.പി.എം.ജി എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| സി) | സ്ത്രീകളുടേയും അഭ്യസ്തവിദ്യരായ പെൺകുട്ടികളുടേയും ഉന്നമനത്തിനായി എന്തൊക്കെ പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | സി) & ഡി) | സ്ത്രീകൾക്കും അഭ്യസ്തവിദ്യരായ പെൺകുട്ടികൾക്കും കേരളത്തിൽ നിയമാനുസരണമുള്ള ഏതുതരം ചെറുകിട വ്യവസായ സംരംഭങ്ങളും തുടങ്ങുവാൻ സാധിക്കുന്നതാണ്.<br><br>നിലവിലുള്ള വനിതാസംരംഭകരെ ശക്തിപ്പെടുത്തി അടുത്ത ഘട്ടത്തിലേയ്ക്ക് നയിക്കുവാനായി കെ.എസ്.ഐ.ഡി.സി നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ. പ്രസ്തുത മിഷൻ മുഖേന നിലവിലുള്ള വനിതാ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, വിജയകരമായി പ്രവർത്തിക്കുന്ന യൂണിറ്റുകളിലേയ്ക്ക് സന്ദർശനങ്ങൾ നടത്തുക, സംരംഭങ്ങൾ തുടങ്ങാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, വ്യവസായ വിപുലീകരണത്തിന് നൂതന സാദ്ധ്യതകൾ കണ്ടെത്തുക മുതലായ പരിപാടികൾ നടത്തിവരുന്നു. വനിതാ സംരംഭങ്ങളുടെ ശേഷി ഉയർത്തുന്നതിനുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | നിലവിൽ ഇവരുടെ ഉന്നമനത്തിനായി എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**